# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1075 — 20/01/2014 ൽ മറുപടിക്ക്

### സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളപഠനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ കേന്ദ്രീയ വിദ്യാലയ ങ്ങളിലും ഔദ്യോഗികഭാഷ യായ മലയാളം പഠിപ്പിക്കുന്നു ണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) & (ബി) & (സി) | 01/09/2011 ലെ ജി.ഒ (പി ) നം.183/2011/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ വിദ്യാലയ ങ്ങളിലും മലയാള ഭാഷ പഠനം നിർബന്ധമാക്കിയിട്ടുള്ളതാണ്. കൂടാതെ ടി ഉത്തരവ് നടപ്പാക്കാൻ വിമുഖത കാണിച്ച ചില ഐ.സി.എസ്.ഇ/സി.ബി.എസ്.ഇ വിദ്യാലയങ്ങൾ, കേന്ദ്രീയ വിദ്യാല യങ്ങൾ എന്നിവിടങ്ങളിലും നിർബന്ധമായും മാതൃഭാഷ പഠിപ്പിക്കുന്നതിനായി 10/05/2012 ൽ ബഹു.പൊതു വിദ്യാഭ്യാസ സെക്രട്ടറി യുടെ ചേമ്പറിൽ ഒരു യോഗം ചേരുകയും 01/09/2011 ലെ ജി.ഒ (പി) നം.183/2011/പൊ.വി.വ ഉത്തരവ് കർശനമായി പാലിക്കുന്ന തിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ബഹു.ഹൈക്കോടതിയുടെ ഡബ്ല്യൂ.പി (സി) നം.2435/2012/(ഡി) ഉത്തരവിൽ ഐ.സി.എസ്.ഇ / സി.ബി.എസ്.ഇ / കേന്ദ്രീയ വിദ്യാലയങ്ങളുടെ സിലബസ് |

| | |
|---|---|
| | തയ്യാറാക്കുന്നത് എൻ.സി.ഇ.ആർ.ടി ആകയാൽ ഇത്തരം സ്ഥാപനങ്ങളുടെ പാഠ്യാപദ്ധതിയിൽ മാറ്റം വരുത്താൻ സംസ്ഥാന സർക്കാരിന് അധികാരമില്ലായെന്ന് ഉത്തരവായിട്ടുണ്ട്. |
| (ബി) ചില സ്കൂളുകൾ ഇപ്പോഴും മലയാള ഭാഷ പഠിപ്പിക്കാൻ വിമുഖത കാണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | |
| (സി ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ